# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | പ്രധാനവാർത്തകൾ | **DATE:17.11.2024**

RNU TVPM

1. നൈജീരിയ സന്ദർശിക്കുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പ്രസിഡന്റ് ബോല ആഹ്മെദ് തിനുബുവുമായി കൂടിക്കാഴ്ച നടത്തും.

2. പാലക്കാട് നിയമസഭാ ഉപ തെരഞ്ഞെടുപ്പിലേക്കുള്ള പരസ്യ പ്രചാരണം നാളെ അവസാനിക്കും. കൊട്ടിക്കലാശത്തിന് ആവേശം പകരാൻ മുൻനിര നേതാക്കൾ രംഗത്ത്.

3. ശബരിമല സന്നിധാനത്ത് ഭക്തജനത്തിരക്ക്. പമ്പയിൽ നിന്നും ബുക്ക് ചെയ്യുന്ന ടിക്കറ്റുകൾക്ക് 24 മണിക്കൂർ വരെ സാധുത ഉണ്ടാകുമെന്ന് കെ എസ് ആർ ടി സി.

4. സംസ്ഥാന സ്കൂൾ ശാസ്ത്രമേളയ്ക്ക് നാളെ ആലപ്പുഴയിൽ സമാപനം. പോയിന്റ് നിലയിൽ മലപ്പുറം ജില്ല ഒന്നാമത്.

5. വനിതാ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കിയിൽ ഇന്ത്യ ഇന്ന് ജപ്പാനെ നേരിടും.

*************************************

ഹെഡ്‌ലൈൻ-1

## പ്രധാനമന്ത്രി-നൈജീരിയ സന്ദർശനം

നൈജീരിയൻ പ്രസിഡൻ്റ് ബോല ആഹ്മെദ് തിനുബുവുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അബുജയിൽ കൂടിക്കാഴ്ച നടത്തും. രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്നലെ രാത്രിയാണ് ശ്രീ.മോദി നൈജീരിയയിൽ എത്തിയത്. കഴിഞ്ഞ 17 വർഷത്തിനിടെ ഇത് ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി നൈജീരിയ സന്ദർശിക്കുന്നത്. ഇരുരാജ്യങ്ങൾക്കുമിടയിലെ സഹകരണം വിലയിരുത്തുന്ന നേതാക്കൾ നിരവധി ഉടമ്പടികളിലും ഒപ്പു വയ്ക്കുമെന്നാണ് സൂചന. തുടർന്ന് രണ്ടു ദിവസത്തെ G20 ഉച്ചകോടിയിൽ പങ്കെടുക്കാനായി പ്രധാനമന്ത്രി നരേന്ദ്രമോദി ബ്രസീലിയൻ നഗരമായ റിയോ ഡി ജെനീറോ യിലേക്ക് നാളെ തിരിയ്ക്കും. ഉച്ചകോടിയുടെ ഭാഗമായി നിരവധി ലോക നേതാക്കളുമായി അദ്ദേഹം ചർച്ചകൾ നടത്തും. സന്ദർശനത്തിൻ്റെ അവസാന പാദത്തിൽ, ഈ മാസം 19 മുതൽ 21 വരെ ശ്രീ.മോദി ഗയാനയും സന്ദർശിക്കും.

****************************************

## മഹാരാഷ്ട്ര + ഝാർഖണ്ഡ്

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന മഹാരാഷ്ട്രയിലും ഝാർഖണ്ഡിലും പ്രചാരണം പാരമ്യത്തിലെത്തി. വിവിധ രാഷ്ട്രീയ പാർട്ടികളുടെ മുതിർന്ന നേതാക്കൾ പ്രചാരണ രംഗത്ത് സജീവമാണ്. കേന്ദ്രമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത് ഷാ മഹാരാഷ്ട്രയിൽ വിവധയിടങ്ങളിൽ തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും. എൻസിപി അധ്യക്ഷൻ അജിത് പവാർ, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, എൻസിപി (എസ്പി) അധ്യക്ഷൻ ശരദ് പവാർ, ശിവസേന (യുബിടി) അധ്യക്ഷൻ ഉദ്ധവ് താക്കറെ എന്നിവരും പ്രചാരണ രംഗത്തുണ്ട്. ഝാർഖണ്ഡിൽ ബിജെപി അധ്യക്ഷൻ ജെപി നഡ്ഡ ഇന്ന് മൂന്ന്

RNU TVPM

തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും. മറുവശത്ത്, മുതിർന്ന ഝാർഖണ്ഡ് മുക്തി മോർച്ച (ജെഎംഎം) നേതാവും മുഖ്യമന്ത്രിയുമായ ഹേമന്ത് സോറൻ സംസ്ഥാനത്തുടനീളം ആറ് റാലികളെ അഭിസംബോധന ചെയ്യും. കോൺഗ്രസ് നേതാക്കൾ സംസ്ഥാനത്തുടനീളമുള്ള യോഗ പരമ്പരകളെ അഭിസംബോധന ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.
**************************************

ഹെഡ്‌ലൈൻ-2

**പാലക്കാട് - ഉപതെരഞ്ഞെടുപ്പ് (ഇൻട്രോ)**

ശക്തമായ ത്രികോണ മത്സരം നടക്കുന്ന പാലക്കാട് നിയമസഭാ മണ്ഡലത്തിലെ പരസ്യ പ്രചാരണം നാളെ അവസാനിക്കും. കൊട്ടിക്കലാശത്തിന്റെ ആവേശം കൂട്ടാൻ മുന്നണികളിലെ മുൻനിര നേതാക്കളാണ് മണ്ഡലത്തിൽ എത്തിയിരിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്.....**

**(വോയിസ്)**

**************************************

**സന്ദീപ് വാരിയർ**

കോൺഗ്രസ്സിൽ ചേർന്ന സന്ദീപ് വാര്യർ മലപ്പുറത്ത് പാണക്കാട് സാദിഖ് അലി തങ്ങളെ വീട്ടിലെത്തി സന്ദർശിച്ചു. തങ്ങൾ കുടുംബത്തിന്റെ മതേതര പാരമ്പര്യവും മതസാഹോദര്യ നിലാപാടുകളും മുമ്പേ അറിയാമായിരുന്നുവെന്ന് സന്ദീപ് വാര്യർ പറഞ്ഞു. സന്ദീപിന്റെ മാറ്റത്തിൽ സന്തോഷമുണ്ടെന്ന് മുസ്ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് സാദിഖ് അലി ശിഹാബ് തങ്ങൾ പ്രതികരിച്ചു. സന്ദീപ് വാര്യർക്ക് പിന്നാലെ കൂടുതൽ ആളുകൾ പാർട്ടിയിലേക്ക് വരുമെന്ന് KPCC അധ്യക്ഷൻ കെ. സുധാകരൻ പറഞ്ഞു. അതേസമയം സന്ദീപ് വാരിയരുടെ കോൺഗ്രസ്

RNUTVPM

പ്രവേശത്തെ മാധ്യമങ്ങൾ മഹത്വവൽക്കരിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പാലക്കാട്ടെ തിരഞ്ഞെടുപ്പ് യോഗത്തിൽ പറഞ്ഞു.

**************************************

## ചേവായൂർ-ഹർത്താൽ (ഇൻട്രോ)

ചേവായൂർ സഹകരണ ബാങ്ക് തിരഞ്ഞെടുപ്പ് സംഘർഷവുമായി ബന്ധപ്പെട്ടു കോഴിക്കോട്ട്, കോൺഗ്രസ് ആഹ്വാനം ചെയ്ത ഹർത്താൽ തുടരുന്നു. വൈകിട്ട് 6 വരെയാണ് ഹർത്താൽ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു...**

(വോയിസ്)

**************************************

## ഹൈടെക് ഫാമിങ് സെക്ടറൽ കോൺക്ലേവ്

2025 ഫെബ്രുവരിയിൽ നടക്കുന്ന ആഗോള നിക്ഷേപക സംഗമത്തിനു മുന്നോടിയായി ആയുർവേദം, ഹൈടെക് കൃഷി തുടങ്ങി വിവിധ മേഖലകളിലായി സംഘടിപ്പിക്കുന്ന കോൺക്ലേവുകൾ നാളെ കൊച്ചിയിൽ നടക്കുമെന്ന് മന്ത്രി പി രാജീവ്. ചെറിയ സ്ഥലത്ത് പരമാവധി വിളവ് നേടാൻ സാധിക്കുന്ന ഹൈടെക് കൃഷിരീതി സംസ്ഥാനത്തിന്റെ വ്യവസായ നയത്തിന്റെ മുൻഗണനാവിഭാഗത്തിൽ ഉള്ളതാണെന്ന് മന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

**************************************

## കുറുവ-അറസ്റ്റ്

ആലപ്പുഴയിൽ ആയുധങ്ങളുമായി വന്ന് ആക്രമണം നടത്തി ആഭരണങ്ങൾ മോഷ്ടിക്കുന്ന കുറുവാ സംഘത്തിലെ മറ്റ് അംഗങ്ങളെ കണ്ടെത്താൻ പോലീസ് അന്വേഷണം ശക്തമാക്കി. ഇന്നലെ എറണാകുളത്തു നിന്നും മോഷണ സംഘത്തിലെ രണ്ടുപേരെ മണ്ണഞ്ചേരി പോലീസ്

RNUTVPM

പിടികൂടിയിരുന്നു. ഇവരെ ചോദ്യം ചെയ്ത് വരികയാണ്. ഇതിനിടയിൽ പിടിയിലായവരുടെ ബന്ധുക്കളായ സ്ത്രീകൾ ഉൾപ്പെടെയുള്ളവർ സംഘമായി പോലീസ് സ്റ്റേഷനിൽ എത്തി. ഇവരെ പോലീസ് തിരിച്ചയച്ചു.

***************************************

## കെ എസ് ആർ ടി സി - തീ

നിലക്കലിനും പമ്പക്കുമിടയിൽ അട്ടത്തോടിനു സമീപം കെ.എസ്.ആർ.ടി.സി ബസ് കത്തി നശിച്ചു. ഇന്ന് പുലർച്ചെ 5.30 ഓടെയാണ് സംഭവം. ബസിലുണ്ടായിരുന്ന ഡ്രൈവറും കണ്ടക്ടറും പുക ഉയരുന്നതുകണ്ട് പുറത്തേക്കിറങ്ങിയതിനാൽ ആളപായമുണ്ടായില്ല. ബസ് മുഴുവനായും കത്തിനശിച്ചു.

***************************************

ഹെഡ്‌ലൈൻ-3

## ശബരിമല (ഇൻട്രോ)

ശബരിമല സന്നിധാനത്ത് ഇന്നും തിരക്ക് തുടരുന്നു. ഇന്നലെ വൈകിട്ടുവരെ ദർശനം നടത്തിയത് 83,000-ത്തിലധികം പേരാണ്.

**ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

RNU TVPM

***************************************

ഹെഡ്‌ലൈൻ-3എ

## KSRTC- ശബരിമല

പമ്പയിൽ നിന്നും വിവിധ സ്ഥലങ്ങളിലേയ്ക്ക് ഓൺലൈൻ മുഖേന ബുക്ക് ചെയ്യുന്ന ടിക്കറ്റുകൾക്ക് 24 മണിക്കൂർ വരെ ബുക്ക് ചെയ്ത അതേ റൂട്ടിൽ സാധുത ഉണ്ടായിരിക്കുമെന്ന് കെ എസ് ആർ ടി സി. ശബരിമലയിലെ തിരക്ക് കാരണം തീർഥാടകർ ദർശനം കഴിഞ്ഞ് പമ്പയിൽ എത്തുമ്പോൾ, നിശ്ചയിക്കപ്പെട്ട പിക്കപ്പ് സമയം അധികരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത യാത്രക്കാർക്ക് സമാന

ശ്രേണിയിലുള്ള മറ്റൊരു ബസ്സിൽ സീറ്റ് ക്രമീകരിച്ച് നൽകും. ഇത്തരത്തിൽ ക്രമീകരിച്ച് നൽകുമ്പോൾ ഗ്രൂപ്പായി ബുക്ക് ചെയ്ത യാത്രക്കാരിൽ ഒരുമിച്ച് ബോർഡ് ചെയ്യാത്തവരുടെ ID കാർഡ് പരിശോധനയ്ക്ക് നൽകേണ്ടതും നേരത്തെ യാത്ര ചെയ്തവർ അല്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണെന്ന് കെ.എസ്.ആർ.ടി.സി അറിയിച്ചു.
*************************************

ഹെഡ്ലൈൻ-4

**ശാസ്ത്രോത്സവം-ആലപ്പുഴ (ഇൻട്രോ)**

സംസ്ഥാനസ്കൂൾ ശാസ്ത്രോത്സവം ആലപ്പുഴയിൽ പുരോഗമിക്കുന്നു. നിലവിൽ മലപ്പുറം ജില്ലയാണ് ഒന്നാം സ്ഥാനത്തുള്ളത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവി കുമർ....**

**(വോയിസ്)**

RNU TVPM

***************************************

ഹെഡ്ലൈൻ-5

**വനിതാ ഹോക്കി**

2024 ലെ വനിതാ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കിയിൽ ഇന്ത്യ ഇന്ന് ജപ്പാനുമായി ഏറ്റുമുട്ടും. ബിഹാറിലെ രാജ്ഗീർ ഹോക്കി സ്റ്റേഡിയത്തിലാണ് മത്സരം. ടൂർണമെന്റിലെ കഴിഞ്ഞ 4 മത്സരങ്ങളും ജയിച്ച ഇന്ത്യയ്ക്ക് നിലവിൽ 12 പോയിന്റുണ്ട്. ഇന്ന് നടക്കുന്ന മറ്റു മത്സരങ്ങളിൽ ചൈന ദക്ഷിണ കൊറിയയെയും, മലേഷ്യ തായ്‌ലണ്ടിനെയും നേരിടും.
*************************************

**സിബിഎസ്ഇ-സഹോദയ കായികമേള**

കണ്ണൂർ, കാസർകോട് ജില്ലകളിലെ സി.ബി.എസ്.ഇ. സ്കൂളുകളുടെ സഹോദയ കായികമേളയിൽ 141 പോയിന്റ് നേടി കണ്ണൂർ ശ്രീകണ്ഠപുരം മേരിഗിരി ഇംഗ്ലീഷ് മീഡിയം സ്കൂൾ ഓവറോൾ ചാമ്പ്യന്മാരായി. 65 പോയിന്റോടെ കണ്ണൂർ ചിന്മയ

വിദ്യാലയം രണ്ടാം സ്ഥാനവും 41 പോയിന്റ് നേടി മമ്പറം ഇംഗ്ലീഷ് മീഡിയം സ്കൂൾ മൂന്നാം സ്ഥാന വും കരസ്ഥമാക്കി.

*************************************

## കണ്ണൂർ - സ്കൂൾ കലോത്സവം

കണ്ണൂർ റവന്യൂ ജില്ലാ സ്കൂൾ കലോത്സവം ചൊവ്വാഴ്ച പയ്യന്നൂരിൽ ആരംഭിക്കും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി കലോത്സവം ഉദ്ഘാടനം ചെയ്യും. 16 വേദികളിലായി 319 ഇനങ്ങളിൽ മത്സരങ്ങൾ നടക്കും. 15 ഉപജില്ലകളിലെ 10,695 കുട്ടികൾ മാറ്റുരയ്ക്കും.

*

**************

***************************************************************

RNU TVPM